നിങ്ങളുടെ അഭിപ്രായം വിലയേറിയതാണ്!

# സംയുക്ത സമിതികൾ ഒരു ആമുഖം

ഉത്പാദനക്ഷമത

സാംസ്കാരിക അവബോധം

സാമൂഹ്യസേവനങ്ങളുടെ

പരിശീലനം

സുരക്ഷ

തൊഴിൽ വ്യവസ്ഥ




International Labour Organization

State of Qatar
MINISTRY OF ADMINISTRATIVE DEVELOPMENT, LABOUR & SOCIAL AFFAIRS

TAAWON

ഒരു തൊഴിലാളി എന്ന നിലയിൽ, നിങ്ങളുടെ അഭിപ്രായം വിലയേറിയതാണ്! ചിലപ്പോൾ, നിങ്ങൾ പറയാൻ ആഗ്രഹിക്കുന്ന ഒരു പ്രശ്നമോ പങ്കുവെക്കാൻ ആഗ്രഹിക്കുന്ന ആശയമോ ഉണ്ടാവാം. പക്ഷേ, എങ്ങനെയാണ് നിങ്ങൾക്കത് മാനേജ്മെന്റിനെ അറിയിക്കാനാവുക? അതിനുള്ള വഴികളിൽ ഒന്നാണ് സംയുക്ത സമിതി.





## എന്താണ് സംയുക്ത സമിതി?

ഖത്തർ തൊഴിൽ നിയമപ്രകാരം, 30-നു മുകളിൽ തൊഴിലാളികളുള്ള കമ്പനികൾക്ക് സംയുക്ത സമിതി തുടങ്ങാനാകും. നിങ്ങളുടെ കമ്പനിയിലെ തൊഴിലാളികളെയും മാനേജ്മെന്റിനേയും തുല്യമായി സംയുക്ത സമിതി ഏകോപിപ്പിക്കുന്നു.

## ഒരു സംയുക്ത സമിതിക്ക് എന്നെ എങ്ങനെയാണ് സഹായിക്കാൻ കഴിയുന്നത്?

നിങ്ങൾക്ക് ഒരു പ്രശ്നമോ അല്ലെങ്കിൽ ഒരു നിർദ്ദേശമോ ഉണ്ടെങ്കിൽ സംയുക്ത സമിതിയിലെ തൊഴിലാളി പ്രതിനിധികൾക്ക് അത് മാനേജ്മെന്റുമായി ചർച്ച ചെയ്യാൻ സാധിക്കും.



## എപ്പോഴൊക്കെയാണ് അവർ യോഗം ചേരുക?

തൊഴിലിടങ്ങളിലെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സംയുക്ത സമിതികൾ യോഗം ചേരും.

## ആരാണ് തൊഴിലാളികളെ പ്രതിനിധീകരിക്കുന്നത്?

സംയുക്ത സമിതികളിൽ രണ്ട് വർഷം തങ്ങളെ പ്രതിനിധാനം ചെയ്യാനുള്ളവരെ തൊഴിലാളികൾ തന്നെയാണ് തിരഞ്ഞെടുക്കുന്നത്. സംയുക്ത സമിതിയിൽ തീരുമാനിച്ച കാര്യങ്ങളെക്കുറിച്ച് അവർ തൊഴിലാളികളെ അറിയിക്കുകയും ചെയ്യും.

## എനിക്കും സ്ഥാനാർത്ഥിയാകാൻ സാധിക്കുമോ?

നിങ്ങളുടെ കമ്പനിക്ക് ഒരു സംയുക്ത സമിതിയുണ്ടെങ്കിൽ തൊഴിലാളി പ്രതിനിധിയുടെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിക്കാൻ നിങ്ങൾക്ക് സാധിക്കും.

കമ്പനി നേരിട്ട് ജോലിക്കെടുത്തതാകട്ടെ അല്ലെങ്കിൽ ഇടപാടുകാർക്കോ ഏജൻസിക്കോ വേണ്ടി അടിസ്ഥാനപരമായി കമ്പനിയിൽ ജോലി ചെയ്യുന്നവരാകട്ടെ എല്ലാ തൊഴിലാളികൾക്കും തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ സാധിക്കും. നിങ്ങൾക്ക് കൃത്യമായ ഒരു കരാർ ഉണ്ടായിരിക്കണം, ഒരു വർഷമെങ്കിലും ജോലി ചെയ്തിട്ടുണ്ടാകണം. കൂടാതെ, ഭരണസമിതിയിൽ ചുമതലകളൊന്നും വഹിച്ചിട്ടുമുണ്ടാകരുത്.



## എനിക്ക് ശമ്പളം ലഭിക്കുമോ?

സംയുക്ത സമിതിയിൽ അംഗമായിരിക്കുന്നതിന് അധികശമ്പളമൊന്നും ഉണ്ടായിരിക്കില്ല. എന്നിരുന്നാലും, നിങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാനായി ജോലി സമയത്തിൽ ഇളവുകൾ നൽകും.



## ഒരു തിരഞ്ഞെടുപ്പുണ്ടെങ്കിൽ ഞാൻ എങ്ങനെ അറിയും?

നിങ്ങളുടെ കമ്പനിയിൽ ഒരു സംയുക്ത സമിതി തിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ നിങ്ങളുടെ മാനവവിഭവശേഷി വകുപ്പ് അതിനെക്കുറിച്ച് പ്രഖ്യാപിക്കുകയും എങ്ങനെയാണ് അത് നടക്കുന്നത് എന്ന് നിങ്ങളെ അറിയിക്കുകയും ചെയ്യും.

## തിരഞ്ഞെടുക്കപ്പെട്ടാൽ എനിക്ക് പരിശീലനം ലഭിക്കുമോ?

തിരഞ്ഞെടുക്കപ്പെട്ടാൽ, നിങ്ങളുടെ പുതിയ റോളിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട ചുമതലകളെപ്പറ്റിയും പരിശീലനം ലഭിക്കും.

## കൂടുതലറിയാൻ ഞാൻ എന്തുചെയ്യണം?

കൂടുതലറിയാൻ, സന്ദർശിക്കൂ *www.ilo.org/qatar*